# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09-12-2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പ് അവസാനിച്ചു; ഇതു വരെയുള്ള കണക്ക് അനുസരിച്ച് ഏഴ് ജില്ലകളിൽ 70.84 ശതമാനം പോളിങ്.

   **The first phase of local body elections in Kerala has ended; 70.84 percent polling has been recorded in seven districts so far.**

2. രണ്ടാംഘട്ട വോട്ടെടുപ്പിൻറെ പരസ്യപ്രചാരണം അവസാനിച്ചു; വോട്ടെടുപ്പ് വ്യാഴാഴ്ച.

   **The public campaigning for the second phase of elections has ended; voting is on Thursday.**

3. എസ് ഐ ആർ സമയപരിധി നീട്ടാൻ കേരളം സമർപ്പിച്ച ഹർജിയിൽ ഉത്തരവിന് വിസമ്മതിച്ച് സുപ്രീം കോടതി.

   **The Supreme Court has refused to order the petition filed by Kerala to extend the SIR deadline**

4. 'വന്ദേമാതരം' ത്യാഗത്തിൻറെയും രാജ്യസ്നേഹത്തിന്റെയും പ്രതീകമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah said that 'Vande Mataram' is a symbol of sacrifice and patriotism.**

5. ഇൻഡിഗോ വിമാന സർവീസ് പ്രതിസന്ധിയ്ക്ക് വേഗത്തിൽ പരിഹാരം കൈവരുന്നതായി കേന്ദ്ര മന്ത്രി റാം മോഹൻ നായിഡു.

   **Union Minister Ram Mohan Naidu said that a solution will be found soon to the IndiGo flight service crisis.**

6. ഇന്ത്യക്കെതിരായ ടി -20 മത്സരത്തിൽ ടോസ് നേടിയ ദക്ഷിണാഫ്രിക്ക ഫീൽഡിംഗ് തെരഞ്ഞെടുത്തു.

   **South Africa won the toss and elected to field in the T-20 match against India.**

.

*****************************

## LSG Poll 1

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പ് അവസാനിച്ചു. ഇതുവരെയുള്ള കണക്കനുസരിച്ച് ഏഴ് ജില്ലകളിൽ ആകെ 70.84 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴു ജില്ലകളിലാണ് ഇന്ന് വോട്ടെടുപ്പ് നടന്നത്. എറണാകുളം ജില്ലയിലാണ് കൂടുതൽ പോളിങ് രേഖപ്പെടുത്തിയത്, 74.38 ശതമാനം. കുറവ് പത്തനംതിട്ടയിൽ, 66.73 ശതമാനം. ഏഴു മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകിട്ട് ആറു മണി വരെ നീണ്ടു. തിരുവനന്തപുരം ജില്ലയിൽ 67.23 ശതമാനവും കൊല്ലം ജില്ലയിൽ 70.19 ഉം, പോളിങ്ങാണ് രേഖപ്പെടുത്തിയത്. ആലപ്പുഴയിൽ 73.75, കോട്ടയത്ത് 70.83, ഇടുക്കിയിൽ 71.53 എന്നിങ്ങനെയാണ് മറ്റു ജില്ലകളിലെ പോളിങ്. ഒറ്റപ്പെട്ട അനിഷ്ട സംഭവങ്ങളൊഴിച്ചാൽ വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു.

*****************************

## ELECTION – TVPM (INTRO)

തിരുവനന്തപുരം ജില്ലയിൽ നഗര, ഗ്രാമ പ്രദേശങ്ങളിൽ മികച്ച പ്രതികരണമാണ് വോട്ടർമാരിൽ നിന്ന് ഉണ്ടായത്.
വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....
(വോയ്സ്)

*****************************

## LSG poll 2

കേരളത്തിലെ 595 തദ്ദേശ സ്ഥാപനങ്ങളിലെ പതിനൊന്നായിരത്തിലധികം വാർഡുകളിലാണ് ഇന്ന് വോട്ടെടുപ്പ് നടന്നത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകൾക്ക് പുറമേ 39 നഗരസഭകളിലും, 471 ഗ്രാമപഞ്ചായത്തുകളിലും, 75 ബ്ലോക്ക് പഞ്ചായത്തുകളിലും, 7 ജില്ലാപഞ്ചായത്തുകളിലുമാണ് വോട്ടെടുപ്പ് നടന്നത്.

*****************************

## ELECTION – KOLLAM (INTRO)

70 ശതമാനത്തിലേറെ പോളിങ് രേഖപ്പെടുത്തി മികച്ച ജനപങ്കാളിത്തത്തോടെ ആയിരുന്നു കൊല്ലം ജില്ലയിലെ വോട്ടെടുപ്പ്. വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ....
(വോയ്സ്)

***************************

## SECOND PHASE CAMPAINING

തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിലേക്കുള്ള പരസ്യപ്രചാരണം അവസാനിച്ചു. തൃശൂർ മുതൽ കാസർകോട് വരെയുള്ള ഏഴ് ജില്ലകളിൽ വ്യാഴാഴ്ചയാണ് വോട്ടെടുപ്പ്. 604 തദ്ദേശ സ്ഥാപനങ്ങളിലെ 12,408 വാർഡുകളിലാണ് മറ്റന്നാൾ വോട്ടെടുപ്പ് നടക്കുക. വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിലെ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് മറ്റന്നാൾ അവധിയാണ്. കേന്ദ്ര ജീവനക്കാർക്ക് വോട്ട് ചെയ്യാൻ മതിയായ സൗകര്യം ഒരുക്കാനും നിർദ്ദേശമുണ്ട്. ഈ മാസം 13 നാണ് വോട്ടെണ്ണൽ.

***************************

## Election postponed

സംസ്ഥാനത്ത് സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് മൂന്ന് ഇടങ്ങളിൽ തദ്ദേശ തിരഞ്ഞെടുപ്പ് മാറ്റിവെച്ചു. മലപ്പുറം പായ്പ്പാടം, തിരുവനന്തപുരം വിഴിഞ്ഞം, എറണാകുളം പാമ്പാക്കുട എന്നിവിടങ്ങളിലാണ് തിരഞ്ഞെടുപ്പ് മാറ്റിവെച്ചത്. പുതുക്കിയ തീയതി സംബന്ധിച്ച് പിന്നീട് വിജ്ഞാപനം ഇറക്കും.

***************************

## SIR–KERALA

കേരളത്തിൽ എസ് ൈഎ ആർ പരിഷ്കരണ ഫോമുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടാൻ സമർപ്പിച്ച ഹർജിയിൽ ഉത്തരവ് പുറപ്പെടുവിക്കാൻ സുപ്രീം കോടതി വിസമ്മതിച്ചു. അതേസമയം നിലവിൽ ഫോമുകൾ സമർപ്പിക്കേണ്ട സമയപരിധിയായ ഈ മാസം 18 ലേക്ക് കേസ് മാറ്റിവച്ചു. കാലാവധി നീട്ടണോ വേണ്ടയോ എന്ന് പിന്നീട് തീരുമാനിക്കുമെന്നും കോടതി പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള

തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ സമയപരിധി നീട്ടണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാരും ചില രാഷ്ട്രീയ പാർട്ടികളും സമർപ്പിച്ച ഹർജികൾ ചീഫ് ജസ്റ്റിസ് സൂര്യകാന്തും ജസ്റ്റിസ് ജോയ് മല്യ ബാഗ് ചിയും അടങ്ങിയ ബെഞ്ചാണ് പരിഗണിച്ചത്.

****************************

## SC-SIR

പശ്ചിമ ബംഗാളിലും മറ്റ് സംസ്ഥാനങ്ങളിലും തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന ബിഎൽഒമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും നേരെയുള്ള ഭീഷണികൾ ശ്രദ്ധിയ്ക്കണമെന്ന് സുപ്രീകോടതി. വോട്ടർ പട്ടികയുടെ പ്രത്യേക തീവ്ര പരിഷ്കരണത്തിനായുള്ള പ്രവർത്തനങ്ങളിൽ വിവിധ സംസ്ഥാന സർക്കാരുകളുടെ സഹകരണമില്ലായ്മ ഗൗരവമായി കാണണമെന്നും കോടതി തെരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെട്ടു.

****************************

## VANDE MATARAM (INTRO)

ദേശീയ ഗീതമായ 'വന്ദേ മാതരം' ത്യാഗത്തിൻറെയും രാജ്യസ്നേഹത്തിന്റെയും ദേശീയ ബോധത്തിൻറെയും പ്രതീകമായി മാറിയെന്നും അത് സ്വാതന്ത്ര്യസമരത്തിന് വഴിയൊരുക്കിയെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. രാജ്യസഭയിൽ വന്ദേ മാതരത്തിൻറെ 150-ാം വാർഷികത്തെക്കുറിച്ചുള്ള ചർച്ചയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

**( VOICE BYTE )**

വന്ദേ മാതരത്തെക്കുറിച്ച് ഇരു സഭകളിലും നടക്കുന്ന ചർച്ചകൾ വരും തലമുറകളെ അതിൻറെ യഥാർത്ഥ പ്രാധാന്യവും മഹത്വവും ബോധ്യപ്പെടുത്താൻ സഹായിക്കുമെന്നും ശ്രീ അമിത് ഷാ അഭിപ്രായപ്പെട്ടു. സ്വാതന്ത്ര്യസമര കാലത്ത് കോൺഗ്രസ് വന്ദേമാതരത്തെ മുദ്രാവാക്യമാക്കി മാറ്റിയതായി രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗേ പറഞ്ഞു.

****************************

## LS-DISCUSSION ELECTIONS

തിരഞ്ഞെടുപ്പ് പരിഷ്കരണങ്ങളെക്കുറിച്ചുള്ള ചർച്ച ലോക്സഭയിൽ നടന്നു. രാജ്യത്തെ പല സംസ്ഥാനങ്ങളിലും തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടക്കുന്നുണ്ടെങ്കിലും, എസ്.ഐ.ആർ നടപ്പിലാക്കാൻ

തിരഞ്ഞെടുപ്പ് കമ്മീഷന് നിയമപരമായ അവകാശമില്ലെന്ന് ചർച്ചയ്ക്ക് തുടക്കമിട്ടുകൊണ്ട് കോൺഗ്രസ് അംഗം മനീഷ് തിവാരി പറഞ്ഞു. തിരഞ്ഞെടുപ്പ് കമ്മീഷനെ നിശ്ചയിക്കാനുള്ള സമിതിയിൽ രാജ്യസഭാ പ്രതിപക്ഷ നേതാവിനെയും ചീഫ് ജസ്റ്റിസിനെയും ഉൾപ്പെടുത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ബിഹാർ തിരഞ്ഞെടുപ്പിൽ ഉണ്ടായ കനത്ത നഷ്ടത്തിൽ നിന്ന് ജനങ്ങളെ വ്യതിചലിപ്പിക്കാൻ പ്രതിപക്ഷം എസ്.ഐ.ആർ വിഷയം ഉന്നയിക്കുകയാണെന്ന് ബിജെപിയിലെ സഞ്ജയ് ജയ്സ്വാൾ പറഞ്ഞു. നടപടികൾ പൂർത്തിയാക്കി ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. നാളെ രാവിലെ 11 ന് സഭ വീണ്ടും സമ്മേളിക്കും.

****************************

## LS – INDIGO CRISIS

ഇൻഡിഗോ വിമാന സർവീസ് പ്രതിസന്ധിയ്ക്ക് വേഗത്തിൽ പരിഹാരം കൈവരുന്നതായി കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു ലോക്സഭയെ അറിയിച്ചു. നിലവിലുണ്ടായിരുന്ന പ്രതിസന്ധിയെ കുറിച്ചന്വേഷിക്കാൻ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ എയർലൈനിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഈ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ഉചിതമായ നടപടി സ്വീകരിക്കുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു. യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കാൻ ഒരു വിമാനക്കമ്പനിയേയും അനുവദിക്കില്ലെന്നും മന്ത്രി പറഞ്ഞു.

****************************

## INDIAN – SA T-20

ഇന്ത്യക്കെതിരായ ടി-20 പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടിയ ദക്ഷിണാഫ്രിക്ക ഫീൽഡിംഗ് തെരഞ്ഞെടുത്തു. കട്ടക്കിലെ ബരാബതി സ്റ്റേഡിയത്തിലാണ് മത്സരം. പരമ്പരയിൽ അഞ്ച് മത്സരങ്ങളാണുള്ളത്. ഒടുവിൽ വിവരം കിട്ടുന്പോൾ ഇന്ത്യ 6 ഓവറിൽ 2 വിക്കറ്റിന് 40 റൺസ് എടുത്തിട്ടുണ്ട്.

****************************

## NIA

കഴിഞ്ഞ മാസം നടന്ന ഡൽഹി ബോംബ് സ്ഫോടന കേസുമായി ബന്ധപ്പെട്ട പ്രധാന പ്രതിയെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. ജമ്മു കാശ്മീരിലെ ബാരാമുള്ള സ്വദേശിയായ

ബിലാൽ നസീർ മല്ലയാണ് അറസ്റ്റിലായത്. സംഭവവുമായി ബന്ധപ്പെട്ട് നേരത്തെ ഏഴ് പ്രതികളെ അറസ്റ്റ് ചെയ്തിരുന്നു.

****************************

## INDIA-BRUNEI JWG MEET

ഇന്തോ-പസഫിക് മേഖലയിൽ സമാധാനം, സ്ഥിരത, നിയമക്രമം എന്നിവ നിലനിർത്തുന്നതിനുള്ള തങ്ങളുടെ പങ്കിട്ട പ്രതിബദ്ധത ഇന്ത്യയും ബ്രൂണൈയും ആവർത്തിച്ചുറപ്പിച്ചു. ന്യൂഡൽഹിയിൽ നടന്ന പ്രതിരോധ സഹകരണത്തിനായുള്ള സംയുക്ത കർമ്മ സമിതിയുടെ പ്രഥമ യോഗത്തിൽ ഇരുരാജ്യങ്ങളും പ്രതിരോധ പങ്കാളിത്തത്തിലെ പുരോഗതി സ്വാഗതം ചെയ്യുകയും അതിനായി ഘടനാപരമായ രൂപരേഖ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രതിരോധ മന്ത്രാലയത്തിലെ ജോയിൻറ് സെക്രട്ടറി അമിതാഭ് പ്രസാദ്, ബ്രൂണൈ പ്രതിരോധ ഡെപ്യൂട്ടി സെക്രട്ടറി പോഹ് കുയി ചൂൺ എന്നിവരുടെ സംയുക്ത അധ്യക്ഷതയിലായിരുന്നു യോഗം.

****************************

## pib fact check

ബാലകോട്ട് സെക്ടറിൽ ഇന്ത്യൻ സൈന്യം നിരവധി കുഴിബോംബുകൾ പൊട്ടിച്ചുവെന്നും ഇത് നിയന്ത്രണ രേഖാ പ്രദേശങ്ങളിൽ കാട്ടുതീയ്ക്ക് കാരണമായെന്ന രീതിയിൽ പാകിസ്ഥാന്റെ ഓൺലൈൻ അക്കൗണ്ടുകളിൽ പ്രചരിക്കുന്ന വീഡിയോ തെറ്റിദ്ധരിപ്പിക്കുന്നതെന്ന് പിഐബി ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു. ഇന്ത്യൻ സായുധസേനാ വിഭാഗത്തിലുള്ള വിശ്വാസം തകർക്കാനായി പാകിസ്ഥാൻ നടത്തുന്ന ശ്രമമാണിതെന്ന് പിഐബി ഫാക്ട് ചെക്ക് വിഭാഗം വ്യക്തമാക്കുന്നു.

****************************

## NAVY CHIEF – BRAZIL VISI

നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠിയുടെ നാല് ദിവസത്തെ ബ്രസീൽ സന്ദർശനം ആരംഭിച്ചു. സന്ദർശന വേളയിൽ, അദ്ദേഹം ബ്രസീൽ പ്രതിരോധ മന്ത്രിയുമായും ബ്രസീലിയൻ സായുധ സേന, നാവികസേന മേധാവിമാരുമായും ചർച്ച നടത്തും. ഇരു രാജ്യങ്ങൾക്കുമിടയിൽ

ശക്തമായ സമുദ്ര പങ്കാളിത്ത ഏകോപനം സാധ്യമാക്കുക എന്നതാണ് സന്ദർശനത്തിൻറെ ലക്ഷ്യം.